"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - പായം ഗ്രാമപഞ്ചായത്ത് - കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിന് കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (KURDFC) -ൽ നിന്നും 2.5 കോടി രൂപ അധിക വായ്പ എടുക്കുന്നതിന് പായം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1080/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:- 1. സ.ഉ.(കൈ)നം. 147/2009 ത.സ്വ.ഭ.വ. തീയതി 29.07.2009

2. സ.ഉ.(സാധാ)നം.882/2018 ത.സ്വ.ഭ.വ.തീയതി 28.03.2018
3. പായം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 16/10/2023 ലെ 127/23 നമ്പർ തീരുമാനം
4. പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.11.2023 ലെ എസ്.സി1-6250/23 നമ്പർ കത്ത്
5. പായം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08/07/2024 ലെ 134/2024 നമ്പർ തീരുമാനം
6. കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 16/10/2024 ലെ LSGD/JD/KNR/6287/2023-A7 നമ്പർ കത്ത്
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.11.2024, 03.03.2025 എന്നീ തീയതികളിലെ LSGD/PD/1623/2024-PE3 നമ്പർ കത്തുകൾ

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിൽ കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിനായി 6,80,00,000/- രൂപ അടങ്കൽ വകയിരുത്തി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നു. ഈ പ്രോജക്ട് നിർവ്വഹണത്തിനായി 5 കോടി രൂപ വായ്പ എടുക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോൺ അനുവദിക്കുകയും ചെയ്തിരുന്നു. ടി പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് KSDFC, KITCO എന്നിവരുടെ സംഘം സ്ഥലപരിശോധന നടത്തിയ വേളയിൽ കെട്ടിട നിർമ്മാണത്തിന് അത്യാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തി മാറ്റം വരുത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 2 കോടി 50 ലക്ഷം രൂപ കൂടി ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായി വന്നുവെന്നും ടി തുക ഗ്രാമപഞ്ചായത്തിന് സ്വന്തം നിലയിൽ കണ്ടെത്താൻ

പറ്റാത്ത സാഹചര്യമാണുള്ളതെന്നും മൾട്ടിപ്ലക്സ് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതുവഴി ഗ്രാമപഞ്ചായത്തിന് വൻ തനതുവരുമാന വർദ്ധനവ് ഉണ്ടാവുമെന്നതിനാൽ അധികമായി വേണ്ടി വരുന്ന 2,50,00,000/- രൂപ കെ. യു. ആർ ഡി. എഫ്. സി യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം പായം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ പ്രകാരം പരാമർശം (6) പ്രകാരമുള്ള പരിശോധന റിപ്പോർട്ട് സഹിതം പരാമർശം (7) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) ടി പ്രവൃത്തിയ്ക്കായി പരാമർശം (2) ഉത്തരവിൽ അനുവദിച്ച ലോൺ തുകയിൽ ഇനി 2,72,71,636/- രൂപ തിരിച്ചടയ്ക്കാനവശേഷിക്കുന്നുണ്ട്. പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലോൺ തുക എസ്റ്റിമേറ്റ് തുകയെ അധികരിച്ചിട്ടില്ല. ടി ആവശ്യത്തിന് അധികമായി എടുക്കുന്ന 2.5 കോടി രൂപയ്ക്ക് പ്രസ്തുത സ്ഥലവും നിർമ്മാണത്തിലിരിക്കുന്ന കെട്ടിടവും ഈടായി നൽകുന്നതിനും ലോൺ വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഭരണ സമിതി തീരുമാനം പരാമർശം (5) പ്രകാരം കൈക്കൊണ്ടിട്ടുണ്ട്. പായം ഗ്രാമപഞ്ചായത്തിന് 2.5 കോടി രൂപ അധിക വായ്പ എടുക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) ൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം വായ്പാതുക എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിക്കാൻ പാടില്ലായെന്ന നിബന്ധന പാലിക്കപ്പെടുന്നുണ്ടെന്നതിനാലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (5) തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും അധിക വായ്പയായി **2,50,00,000/- (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം)** രൂപ കൂടി 9% പലിശ നിരക്കിൽ 10 വർഷകാലയളവിൽ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലും പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 29-04-2025 17:00:31
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ&പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/514/2024/എൽ.എസ്.ജി.ഡി)